**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 344** **23-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടിക ജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓൺലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് അതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ ? | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ടാബ്‌ലറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതം/തനതു ഫണ്ടുപയോഗിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകേണ്ടതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. [ഉത്തരവ് അനുബന്ധം-I ആയി ചേർക്കുന്നു.] കൂടാതെ കൈറ്റ് വഴി ഏതാണ്ട് ഒരു ലക്ഷം ലാപ്ടോപ്പുകൾ പട്ടികവർഗ്ഗ മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. [ഉത്തരവ് അനുബന്ധം II ആയി ചേർക്കുന്നു.] പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളും, സ്ഥാപനങ്ങളും വിതരണം ചെയ്യുന്ന ഉപകരണങ്ങൾ അർഹരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിന് പ്രോജക്ട് ഓഫീസർ/അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരെ നോഡൽ ഓഫീസർമാരായി പട്ടികവർഗ്ഗ വികസന വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ ഐ.ടി വകുപ്പിന് കൈമാറിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത 74 കോളനികളിൽ ANERT ന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡിജിറ്റൽ പഠനോപകരണങ്ങളുടെ ലഭ്യത കുറവ്, ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം, രക്ഷകർത്താക്കളുടെ പിന്തുണയില്ലായ്മ, വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തത് തുടങ്ങിയ തലങ്ങളിലാണ് പ്രധാനപ്പെട്ട വെല്ലുവിളികൾ ഉള്ളത്. പഠനോപകരണങ്ങൾ ഇല്ലാത്തതും, ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാത്തതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് |

അനുബന്ധം II

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഓൺലൈൻ ക്ലാസുകൾ - KITE വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത കമ്പ്യൂട്ടറുകൾ തിരിച്ചെടുത്ത് ആദിവാസി മേഖലയിലുള്ള കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് കൈറ്റിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.3134/2021/പൊ.വി.വ  തീയതി,തിരുവനന്തപുരം, 25/06/2021

---

പരാമർശം:- ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 09.06.2021ന് ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

**<u>ഉത്തരവ്</u>**

ആദിവാസി കോളനികൾ ഉൾപ്പെടെ സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസ സൗകര്യത്തിലുള്ള അപര്യാപ്തതക്ക് പരിഹാരം കണ്ടെത്തുന്നത് സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 09.06.2021ന് ചേർന്ന യോഗത്തിൽ, കൈറ്റ് വിക്ടേഴ്സ് വഴി നടക്കുന്ന ഡിജിറ്റൽ ക്ലാസ്സുകൾക്ക് പുറമെ കുട്ടിക്ക് നേരിട്ട് അവരുടെ അധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനവും ആവിഷ്കരിക്കണം, ആദിവാസി മേഖലയിലെ (എസ് ടി വിഭാഗത്തിലെ) മുഴുവൻ കുട്ടികൾക്കും ഇതിനാവശ്യമായ ഉപകരണങ്ങളും കണക്റ്റിവിറ്റിയും നൽകുന്നതിനും ക്ലാസുകൾ എത്രയും പെട്ടന്ന് ആരംഭിക്കുന്നതിനും പ്രഥമ പരിഗണന നൽകേണ്ടതാണെന്നും കൂടാതെ KITE വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത എതാണ്ട് ഒരു ലക്ഷം പുതിയ കമ്പ്യൂട്ടറുകൾ സ്കൂളുകളിൽ നിന്നും തിരിച്ചെടുത്ത് ആദിവാസി മേഖലയിലുള്ള ഉപകരണങ്ങളില്ലാത്ത കുട്ടികൾക്ക് ഇവ ആവശ്യാനുസരണം വിതരണം ചെയ്യേണ്ടതാണെന്നും തീരുമാനിച്ചിരുന്നു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ KITE വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത പുതിയ കമ്പ്യൂട്ടറുകൾ തിരിച്ചെടുത്ത് ആദിവാസി മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങളില്ലാത്ത കുട്ടികൾക്ക് ഇവ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് കൈറ്റിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് ഹനീഫ.എം.എം.

ഡെപ്യൂട്ടിസെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സി. ഇ. ഒ, കൈററ്, തിരുവനന്തപുരം

ഡയറക്ടർ പട്ടിക വർഗ്ഗ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E/Audit), തിരുവനന്തപുരം

